മി. സ്പീക്കർ: ചോദ്യം അയച്ച ഓരോ മെംബറെയും വിളിച്ചതാണ്. ബഹുമാനപ്പെട്ട രാമകൃഷ്ണൻ ആ സമയത്തു വന്നിട്ടില്ലായിരുന്നതുകൊണ്ട് അറിഞ്ഞുകൂടാ. രാമകൃഷ്ണനും ഇ. വി. കുമാരനും ഗോവിന്ദപ്പണിക്കരും ഇല്ലായിരുന്നു. സി. കെ. ബാലകൃഷ്ണനെയും ബാലാനന്ദനെയും വിളിച്ചതാണ്. ശ്രീ. രാമകൃഷ്ണൻ പിന്നീടാണു വന്നത്. ഞാൻ ക്രമമനുസരിച്ച് ചോദ്യത്തിനു വിളിക്കുന്നുണ്ട്. ഒരു ക്രമവും നിയമവും വേണ്ടെങ്കിൽ കാര്യം നടപ്പാക്കാൻകഴിയുകയില്ല. എല്ലാ ബഹുമാനപ്പെട്ട മെംബർമാരെയും വിളിച്ചു സഭയിൽനിന്നുകൊണ്ടു സംസാരിക്കാൻ അവസരം കൊടുത്തിട്ടുണ്ട്. ചില മെംബർമാർക്കു ചോദിക്കാൻ അവസരം കിട്ടിക്കാണുകയില്ല. അത് മനഃപൂർവ്വമാണെന്നു ആരും വിചാരിക്കരുത്. മനഃപൂർവ്വം അവസരം കൊടുക്കാതിരിക്കുകയാണെന്നു ആരും ധരിക്കരുത്.

ലാത്തിച്ചാർജ്ജ്

* 130 (462) ശ്രീ. ഇ. ബാലാനന്ദൻ:
,, എ. എസ്. എൻ. നമ്പീശൻ:
,, സി. കണ്ണൻ:
,, ഇ. കെ. ഇമ്പിച്ചിബാവാ:
,, കെ. പി. രാഘവപൊതുവാൾ:
,, വി. വി. ദക്ഷിണാമൂർത്തി:
,, കെ. ഐ. രാജൻ:
,, പി. കെ. കുഞ്ഞച്ചൻ:
,, എ. എസ്. പുരുഷോത്തമൻ:
,, ഈ. പി. കൃഷ്ണൻ നമ്പ്യാർ:
,, കെ. ചാത്തുണ്ണിമാസ്റ്റർ:
,, എം. സദാശിവൻ:
,, സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറു അധികാരത്തിൽ വന്നതിനുശേഷം തൊഴിലാളി സമരങ്ങളെ ലാത്തിച്ചാർജ്ജു ചെയ്തും വെടിവച്ചും അടിച്ചമർത്തണമെന്നുള്ള ഒരുനയം രൂപീകരിച്ചിട്ടുണ്ടോ;

(ബി) ആലപ്പുഴ കുപ്പപുറം കായലിൽവച്ചു തൊഴിലാളികളുടെ നേരെ പോലീസു ലാത്തിച്ചാർജ്ജു ചെയ്യുകയും വെടിവയ്ക്കുകയും ചെയ്തതിന്റെ ഫലമായിട്ട് എത്രപേർ മരണപ്പെടുകയും എത്രപേർ പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, (എ) ഇല്ല.

(ബി) കൊയ്ത്തു നടത്തിക്കൊണ്ടിരുന്ന കർഷകത്തൊഴിലാളികളെ മാരകായുധങ്ങളുമായി ആക്രമിക്കാൻ ഒരുമ്പെട്ട ഒരുകൂട്ടം ആളുകളെ അവരുടെ പ്രവർത്തിയിൽനിന്നു തടയാനാണ് അവിടെ ആദ്യം ലാത്തിച്ചാർജ്ജും അതു വിഫലമായപ്പോൾ പിന്നെ വെടിവയ്പ്പും നടത്തേണ്ടിവന്നത്. അതിന്റെ ഫലമായി ഒരാൾക്കു പരിക്കേൽക്കുകയും ഒരാൾ മരിക്കുകയും ചെയ്തു.

ശ്രീ. ഇ. ബാലാനന്ദൻ: ആ പ്രദേശത്ത് കർഷകത്തൊഴിലാളികളും കൂലി സംബന്ധിച്ച് തർക്കത്തിലേർപ്പെട്ടപ്പോൾ തർക്കത്തിൽ ഒത്തുതീർപ്പുണ്ടാക്കുന്നതിനുപകരം പോലീസ് സേനയെ ഉപയോഗിച്ചു കരിങ്കാലികൾക്കു സംരക്ഷണം നൽകിയതിന്റെ ഫലമായിട്ടല്ലേ വടിവെയ്പ്പുണ്ടായത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതു ശരിയല്ല. കത്തുതീർപ്പുണ്ടാക്കാനുള്ള ശ്രമങ്ങളും ഗവൺമെൻറു ഇതേയവസരത്തിൽ നടത്തിക്കൊണ്ടിരുന്നു. മുൻപും ഇതിനെപ്പറ്റി സഭയിൽത്തന്നെ വാദപ്രതിവാദങ്ങളും കോലാഹലവുമൊക്കെ ഉണ്ടായിട്ടുള്ളതാണ്. അവിടെ കൊയ്ത്തു നടത്തിക്കൊണ്ടിരുന്ന തൊഴിലാളികളെ ആക്രമിച്ചു അവരും തൊഴിലാളികളാണ്; കർഷകത്തൊഴിലാളികളാണ്, അല്ലാത്ത രീതിയിൽ പരിഗണിക്കാൻ ഉദ്ദേശിക്കുന്നില്ല. ഏതായാലും ഈ തൊഴിലാളികളെ ആക്രമിക്കുകയും ഏറ്റുമുട്ടൽ ഉണ്ടാകുകയുംചെയ്തു. താക്കീതുനൽകിയതിനുശേഷം ലാത്തിച്ചാർജ്ജുചെയ്തു. ഫലിക്കാത്തപ്പോഴാണ് വെടിവയ്പ്പുണ്ടായത്. കൂട്ടത്തിൽ ഒരു വാചകംകൂടി ഞാൻ ചോദിക്കുകയാണ്, ഇതിനെപ്പറ്റി അന്വേഷണം നടത്താം.

ശ്രീ. ഇ. ബാലാനന്ദൻ: തൊഴിൽത്തർക്കങ്ങളിൽ പോലീസിനെ ഇടപെടുവിക്കുന്നതുസംബന്ധിച്ച് വ്യക്തമായി ഗവൺമെൻറു ഒരു നയം പ്രാവർത്തികമാക്കാത്തതുകൊണ്ടല്ലേ ഇങ്ങനെ സംഭവിക്കുന്നത്? കളമശ്ശേരിയിൽ പണിമുടക്കുണ്ടായപ്പോഴും പുറത്തുനിന്ന് ആളുകളെ കമ്പനിക്കകത്തേക്കു പോലീസ് വാനിൽ കടത്തിവിട്ടതിൻെറ ഫലമായിട്ടല്ലേ അവിടെ ലാത്തിച്ചാർജ്ജുണ്ടായത്? പോലീസ് തൊഴിൽത്തർക്കത്തിൽ ഇടപെടുക എന്ന നയമാണോ തുടരാനാഗ്രഹിക്കുന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: കളമശ്ശേരിയിൽ അങ്ങനെ നടന്നതായി പരാതിയുണ്ടായി. അതിനെപ്പറ്റി അന്വേഷണം നടക്കുന്നുണ്ട്. തൊഴിൽത്തർക്കങ്ങളിൽ പോലീസിനെ ഇടപെടുവിക്കരുത് എന്നതാണ് ഗവൺമെൻറിൻെറ നയം. ഈ നയത്തെസംബന്ധിച്ചുള്ള ഗവൺമെൻറിൻെറ സർക്കുലറിൻെറ ഒരു ഭാഗം ഞാൻ വേണമെങ്കിൽ വായിക്കാം.

Government would like to inform all police officers that it is their responsibility, on the one hand, not to obstruct the employees in carrying on whatever form of agitation they consider necessary for the redress l of their grievances and on the other to see that there is no danger to life or property of the employers. Protest actions including demonstrations, satyagrahas, picketing and so on are legitimate so long as they do not cause obstruction to movement or cause danger to life and property. Police should not intervene in any form of these protests unless it causes obstruction or endangers life and property.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: തൊഴിൽസമരങ്ങളിൽ, പണിമുടക്കിയവർക്കെതിരായി കൊണ്ടുവരുന്ന കരിങ്കാലികളെ തടയുന്നതിനോ അവരെ ചെറുത്തു സമരം വിജയിപ്പിക്കുന്നതിനോ തൊഴിലാളികൾ പരിശ്രമിക്കുന്ന സന്ദർഭത്തിൽ അവരെ അറസ്റ്റുചെയ്യുകയല്ലാതെ ലാത്തിച്ചാർജുചെയ്യുന്ന പതിവ് മുൻകാലത്ത് ഉണ്ടായിരുന്നില്ല. ഈ ഗവൺമെൻറ്, തൊഴിലാളികളെ അടിച്ചമർത്തുന്നതു നന്നായിരിക്കുമെന്ന നയം സ്വീകരിക്കുന്ന ഗവൺമെൻറാണെന്നു ധരിച്ചതിൻെറ ഫലമായിട്ടാണ് തൊഴിൽസമരങ്ങൾ നടക്കുന്ന അവസരത്തിൽ ലാത്തിച്ചാർജ് ഉണ്ടാകുന്നതെങ്കിൽ അതു തിരുത്തുന്നതിനു നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഗവൺമെൻറിൻെറ ഇപ്പോഴത്തെ നയമാണ് ഞാൻ നേരത്തെ പ്രസ്താവിച്ചത്. പോലീസ് അതിനു വിരുദ്ധമായി ചില സ്ഥലങ്ങളിൽ പ്രവർത്തിച്ചിട്ടുള്ളതായി പരാതി ഉണ്ടായിട്ടുണ്ട്. കളമശ്ശേരിയിലാണ് ഒരു പ്രത്യേക പരാതിയുണ്ടായത്, അതിനെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷണം നടത്തുന്നുണ്ട്. ഈ ഗവൺമെന്റ് തൊഴിൽസമരങ്ങളിൽ പോലീസിനെ ഇടപെടുവിക്കുന്നതിനുവേണ്ടി നയത്തിൽ വ്യതിയാനംവരുത്തി അതുകൊണ്ട് എന്തുചെയ്യാമെന്നുള്ള ധാരണയുണ്ട് എന്നു സൂചിപ്പിച്ചിട്ടുണ്ട്. അങ്ങനെ ധാരണയുണ്ടെങ്കിൽ അത് ഇല്ലാതാക്കാനും ഞാനീയവസരം ഉപയോഗിച്ചുകൊള്ളുന്നു.

ശ്രീ. സി. കണ്ണൻ: കോഴിക്കോട്ടുള്ള ശ്രീനാരായണ ട്രാൻസ്പോർട്ടിലെ പാഴ്സൽ വിഭാഗത്തിലെ തൊഴിലാളികൾ പണിമുടക്കി, ഗേറ്റിൽ സമാധാനപരമായി സമരം നടത്തിക്കൊണ്ടിരുന്നപ്പോൾ പോലീസ് അവിടെ ചെല്ലുകയും സമരം നടത്തിക്കൊണ്ടിരുന്ന തൊഴിലാളികളെ ഭീകരമായി മർദ്ദിച്ച് അറസ്റ്റു ചെയ്തുകൊണ്ടുപോകുകയും ചെയ്തായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇങ്ങിനെ പ്രത്യേകം പ്രത്യേകം സംഭവങ്ങളെക്കുറിച്ച് ചോദിച്ചാൽ നോട്ടീസ് കൂടാതെ മറുപടിപറയുവാൻ നിവൃത്തിയില്ല.

ശ്രീ. സി. കണ്ണൻ: ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും തൊഴിൽ സമരങ്ങളിൽ പോലീസ് ഇടപെടാതിരുന്നിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഒരു തൊഴിൽ സമരങ്ങളിലും പോലീസ് ഇടപെടരുതെന്നുള്ളതാണ് ഗവൺമെന്റിന്റെ നയം.

ശ്രീ. കെ. ഐ. രാജൻ: പണിമുടക്കങ്ങളും ഉണ്ടായാൽ പണിമുടക്കത്തിനുള്ള തൊഴിൽത്തർക്കത്തെപ്പറ്റി അന്വേഷിക്കാതെയും പഠിക്കാതെയും ലാ ആൻഡ് ഓർഡർ സിറ്റുവേഷനാണെന്നു പറഞ്ഞു പോലീസിനെ ഇടപെടുവിച്ച് തൊഴിലാളികളെ തല്ലിച്ചതയ്ക്കുന്ന രീതി അവസാനിപ്പിച്ചിട്ട്, എവിടെയെങ്കിലും പണിമുടക്കങ്ങളും ഉണ്ടായാൽ ലേബർ ഉദ്യോഗസ്ഥൻമാരെ വിട്ടു പണിമുടക്കത്തിനുള്ള തൊഴിൽ തർക്കങ്ങളെപ്പറ്റി പഠിച്ച് അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികളും സ്വീകരിക്കുന്നതിനു ശ്രമിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഈ ചോദ്യത്തിന്റെ ആദ്യഭാഗത്തു പറഞ്ഞിട്ടുള്ളതിനെ ഞാൻ നിഷേധിക്കുന്നു. രണ്ടാമത്തെ ഭാഗത്തു പറഞ്ഞ ഉപദേശങ്ങളും ഞങ്ങളും സ്വീകരിക്കുന്നതാണ്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സ്ഥിരം തൊഴിലാളികൾക്കും പരിസരപ്രദേശത്തുള്ള തൊഴിലാളികൾക്കും ജോലി കൊടുക്കണമെന്നുള്ള ഐ. ആർ. സി. യുടെ തീരുമാനം നിലവിലിരിക്കെ കരിങ്കാലികളെ പാടത്തിറക്കി ജോലി ചെയ്യിപ്പിച്ചപ്പോൾ, അവിടെയുള്ള തൊഴിലാളികൾ അവരെ തടയുന്നതിനു ശ്രമിച്ചപ്പോഴല്ലേ കുട്ടനാട്ടിൽ വെടിവയ്പ്പുണ്ടായത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : കുട്ടനാട്ടിൽനിന്നും ഗവൺമെന്റിനു ലഭിച്ച വിവരങ്ങളനുസരിച്ച് മാരകായുധങ്ങളുമായി ചിലർ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ എതിർക്കാൻ പോയപ്പോൾ ആണ് പോലീസു ഇടപെട്ടതെന്നാണ്. അതിനെക്കുറിച്ച് അന്വേഷണം നടത്താതെ കൂടുതൽ വിവരങ്ങൾ പറയുന്നത് ശരിയായിരിക്കുകയില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: കുട്ടനാട്ടിൽ നിലവിലിരിക്കുന്ന ഐ. ആർ. സി. യുടെ തീരുമാനങ്ങളെ ലംഘിച്ചുകൊണ്ട് കരിങ്കാലികളെക്കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പണിയെടുപ്പിക്കുന്നതിനു സംരക്ഷണംകൊടുക്കുന്നതിനുവേണ്ടിയല്ലേ അവിടെ ഗവൺമെൻറിൽനിന്നും പോലീസിനെ നിയോഗിച്ചിട്ടുള്ളത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ആ ആരോപണത്തെ ഞാൻ നിഷേധിക്കുന്നു.

ശ്രീ. എ. എസ്. പുരുഷോത്തമൻ: ഈ അടുത്തകാലത്തായി അതാതു പ്രദേശത്തുള്ള തൊഴിലാളികൾക്കു തൊഴിൽ കൊടുക്കാതെ പോലീസിന്റെ അകമ്പടിയോടുകൂടി അന്യപ്രദേശങ്ങളിൽനിന്നും തൊഴിലാളികളെക്കൊണ്ടു വന്നു ജോലി ചെയ്യിക്കുകയും, അതാതു പ്രദേശത്തുള്ളവർക്ക് തൊഴിലില്ലാതാക്കുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷം നിലവിലുണ്ട്. അതിൽ പ്രതിഷേധിച്ചു കഴിഞ്ഞ 22–ാംതീയതി സ്ത്രീകളടക്കം ഒരു ജാഥ നടത്തിയപ്പോൾ പോലീസ് അവരെ തല്ലുകയും ശക്തിയായി ലാത്തിച്ചാർജ് നടത്തുകയും ചെയ്തു. അതിനെ സംബന്ധിച്ച് ഗവൺമെൻറിൽനിന്നും ഒരു അന്വേഷണം നടത്തുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇങ്ങനെ ഓരോരോ സംഭവങ്ങളെക്കുറിച്ചു ചോദിച്ചാൽ പെട്ടെന്ന് ഉത്തരം പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. എസ്. പുരുഷോത്തമൻ: തൊഴിലാളികൾക്ക് തൊഴിൽ നിഷേധിക്കാൻ പര്യാപ്തമായ വിധത്തിലുള്ള ഒരു പോലീസു നയം അല്ലേ ഗവൺമെൻറിൽനിന്നും സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഗവൺമെൻറിന്റെ നയം വ്യക്തമാക്കിയിട്ടുണ്ട്. ഗവൺമെൻറു കൊടുത്ത നിർദ്ദേശങ്ങളാണ് ഞാൻ നേരത്തെ ഇവിടെ വായിച്ചത്.

ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ: പണിമുടക്കത്തിൽ പോലീസ് ഇടപെടുകയില്ലെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. കഴിഞ്ഞ ഫെബ്രുവരി 13–ാംതീയതി പൊതുപണിമുടക്ക് നടത്തിയ ബസ് തൊഴിലാളികളെ കണ്ണൂർ പോലീസ് സ്റ്റേഷനതിർത്തിയിൽപ്പെട്ട മയ്യിൽ എന്ന സ്ഥലത്ത് വളപട്ടണം സബ്ഇൻസ്പെക്ടരുടെ നേതൃത്വത്തിലും ഇരിക്കൂർ പോലീസ് സ്റ്റേഷനതിർത്തിയിൽപ്പെട്ട പാവന്നൂർ എന്ന സ്ഥലത്ത് കണ്ണൂർ സബ്ഇൻസ്പെക്ടരുടെ നേതൃത്വത്തിലുള്ളവരും സി. ആർ. പി. യും കൂടിച്ചേർന്ന് ലാത്തിച്ചാർജ് നടത്തുകയും ആളുകളെ ഓടിച്ചിട്ട് തല്ലുകയും ചെയ്തതിന്റെ ഫലമായിട്ട് പലർക്കും പരിക്കേറ്റു ആശുപത്രിയിൽ കിടക്കുന്ന ക്രൂരമായ സംഭവം ഉണ്ടായിരിക്കുകയാണ്. സ്വന്തം ഭാര്യ പാമ്പുകടിയേറ്റു കിടന്നതിനു മരുന്ന് വാങ്ങാൻ പോയ ഗോവിന്ദൻ എന്നൊരാളും ഈ ക്രൂരകൃത്യത്തിനു വിധേയമാകേണ്ടിവന്നതിന്റെ ഫലമായി ആശുപത്രിയിൽ പ്രവേശിക്കേണ്ട സ്ഥിതിവിശേഷം വരെ ഉണ്ടായിരിക്കുകയാണ്. ഇതുപോലെയുള്ള ക്രൂരമായ സംഭവങ്ങളെപ്പറ്റി അന്വേഷണം നടത്തി കുറ്റവാളികളായ ഉദ്യോഗസ്ഥൻമാരെ ശിക്ഷിക്കാനുള്ള നടപടികളും സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇതു തൊഴിൽ തർക്കത്തിൽ പോലീസ് ഇടപെട്ടതാണോയെന്ന് അറിഞ്ഞുകൂടാ. ഇങ്ങനെ ഓരോ സംഭവങ്ങളെക്കുറിച്ച് ചോദ്യങ്ങൾ ചോദിച്ചാൽ പെട്ടെന്ന് ഉത്തരം പറയാൻസാധിക്കുകയില്ല.

ശ്രീ. കെ. ചാത്തുണ്ണി മാസ്റ്റർ: കുട്ടനാട്ടിൽ ഇപ്പോൾ എത്ര പോലീസ് ക്യാമ്പുകളാണുള്ളത്? ഈ പോലീസുകാരെ വെ ഉടമസ്ഥൻമാർ നേരിട്ടു

LIBRARY ARCHIVES Kerala Legislative Assembly

വിളിച്ചാൽപോലീസുകാർ ഭൂ ഉടമസ്ഥൻമാരുടെ ഇഷ്ടത്തിനനുസരിച്ച് പ്രവർത്തിക്കാൻ വല്ല നിർദ്ദേശവും ഗവൺമെൻറിൽ നിന്നും കൊടുത്തിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: കുട്ടനാട്ടിൽ എത്ര പോലീസു ക്യാമ്പുകളുണ്ടെന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. കുട്ടനാട്ടിലുണ്ടായ സംഘർഷാവസ്ഥയെത്തുടർന്നു അവിടെ കൂടുതൽ പോലീസിനെ അയച്ചിട്ടുണ്ട്. പക്ഷെ ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ പറഞ്ഞ രീതിയിലുള്ള നിർദ്ദേശമൊന്നുംതന്നെ ഗവൺമെൻറിൽ നിന്നും കൊടുത്തിട്ടില്ല.

ശ്രീ. കെ. ചാത്തുണ്ണി മാസ്റ്റർ: സാധാരണ എവിടെയെങ്കിലും തൊഴിൽത്തർക്കങ്ങളുണ്ടായാൽ അവിടെ കളക്ടറും, ലേബർ ഉദ്യോഗസ്ഥൻമാരുമാണ് നടപടികളും എടുക്കാറുള്ളത്. എന്നാൽ ഇപ്പോൾ എവിടെയെങ്കിലും തൊഴിൽത്തർക്കങ്ങളുണ്ടായാൽ ഉടനെതന്നെ പോലീസ് ചെല്ലുകയും തൊഴിലുടമകളുടെ ഇഷ്ടത്തിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: തൊഴിലുടമകളുടെ ഇഷ്ടത്തിനനുസരിച്ച് പോലീസു പ്രവർത്തിക്കുന്നുവെന്നുള്ള വാദം ഞാൻ അംഗീകരിക്കുന്നില്ല. പോലീസിനെക്കൊണ്ടല്ലാതെ മറ്റുവിധത്തിൽ പ്രശ്നങ്ങളും പരിഹരിക്കുന്നതിനു നടപടികളും സ്വീകരിച്ചിട്ടില്ല എന്നു പറയുന്നത് ശരിയല്ല. ലേബർ മന്ത്രിയും, മുഖ്യമന്ത്രിയും ഞാനും അപ്പുറത്തിരിക്കുന്ന കർഷകതൊഴിലാളികളുടെ പുരോഗതിയിൽ താൽപ്പര്യമുള്ള ചില അംഗങ്ങളുമടക്കം ഈ പ്രശ്നം പരിഹരിക്കാനുള്ള അനുരഞ്ജന ശ്രമങ്ങളും നടന്നിട്ടുണ്ട്. പക്ഷെ ആ ശ്രമങ്ങളും ഉദ്ദേശിച്ചപോലെ വിജയിച്ചിട്ടില്ല.

ശ്രീ. ഇ. ജോൺജേക്കബ്: കുട്ടനാട്ടിൽ കുപ്പപ്പുറം എന്ന സ്ഥലത്തു അവിടെയുള്ള കൃഷിക്കാരുടെ കരാറുണ്ടാക്കിയിട്ടുണ്ട്. അതിനെ ലംഘിച്ച് മാർക്സിസ്റ്റു നേതൃത്വത്തിലുള്ള തൊഴിലാളി നേതാക്കൻമാരുമായി സമാധാനപരമായി കൊയ്ത്തു നടത്തിക്കൊണ്ടിരുന്ന തൊഴിലാളികളെ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയിൽപ്പെട്ടവർ മർദ്ദിക്കുകയും, കൃഷിക്കാരുടെ കച്ചിയ്ക്കും, കറയ്ക്കും തീവയ്ക്കുകയും ചെയ്തതിനെത്തുടർന്നല്ലേ ഈ സംഭവം ഉണ്ടായതെന്നുള്ള വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതിനെ സംബന്ധിച്ചുള്ള പരാമർശങ്ങളും ഇവിടെ നടത്തുകയും അതിനു സമാധാനം പറയുകയും ചെയ്തിട്ടുള്ളതാണ്.

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട്: കുട്ടനാട്ടിലെ പണിമുടക്കിന് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി ആഹ്വാനം കൊടുത്തിരിക്കുകയാണ്. അവിടെ ഇപ്പോൾ കൊയ്ത്തെല്ലാം കഴിഞ്ഞിട്ടും പണിമുടക്കം പിൻവലിച്ചിട്ടില്ലെന്നുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

മി: സ്പീക്കർ: നോട്ടീസ് കൂടാതെ ഉത്തരംപറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. എം. മാണി: ഏതു മാർഗ്ഗം ഉപയോഗിച്ചും. അച്ചുതമേനോൻ ഗവൺമെൻറിനെ താഴെയിറക്കുമെന്നുള്ള ശ്രീ. നമ്പൂതിരിപ്പാടിൻെറ ആഹ്വാനത്തിനു ശേഷം, എല്ലായിടത്തും തൊഴിൽ കുഴപ്പങ്ങളും സൃഷ്ടി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നത് തൊഴിൽകുഴപ്പം എന്നുള്ള മുടുപടവും ഇട്ടുകൊണ്ട് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി അക്രമം അഴിച്ചു വിടുന്നതല്ലേ? അതുകൊണ്ട് ഇത്തരം പ്രവണതകളും അവസാനിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: തൊഴിൽ തർക്കങ്ങളേയും മുടുപട തൊഴിൽത്തർക്കങ്ങളേയും തിരിച്ചറിയുന്നതിനുള്ള ഏർപ്പാടുകളും ചെയ്തിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: കുറ്റിപ്പുറം കവലയ്ക്കൽ മാത്തന്റെ തൊഴിലാളി പ്രതിനിധികളും കളക്ടറും തമ്മിൽ ഒരു ഒത്തുതീർപ്പുണ്ടാക്കിയതിൽ പരിസരപ്രദേശത്തുള്ള തൊഴിലാളികൾക്ക് മാത്രമേ തൊഴിൽ കൊടുക്കുകയുള്ളൂവെന്നും ഏഴരരൂപാ കൂലികൊടുക്കാമെന്നും നിശ്ചയിച്ചിട്ട് അതിനെതിരായി ഈ കഴിഞ്ഞ ജനുവരി 26–ാംതീയതി പോലീസ് അകമ്പടിയോടുകൂടി കരിങ്കാലികളെക്കൊണ്ടു പണിയെടുപ്പിക്കാനുള്ള കാരണമെന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: തൊഴിൽത്തർക്കപരമായ കാര്യങ്ങളും തൊഴിൽ മന്ത്രിക്കു മാത്രമേ അറിയാവൂ. അവിടെ കൊയ്ത്തു നടത്തിക്കൊണ്ടിരുന്ന തൊഴിലാളികളെ സായുധരായി ആക്രമിക്കുകയും കൂടുതൽ സംഘർഷാവസ്ഥ ഉണ്ടാക്കുകയും ചെയ്തപ്പോഴാണ് പോലീസ് അതിൽ ഇടപെട്ടത്.

ശ്രീമതി കെ. ആർ. ഗൗരി : ഈ കഴിഞ്ഞ ജനുവരി 26–ാംതീയതിക്കുമുമ്പു പോലീസ് അകമ്പടിയോടുകൂടിയല്ലാതെ കൊയ്ത്തു നടത്തുകയും, 26–ാം തീയതിക്കുശേഷം അകമ്പടിയോടുകൂടിമാത്രം കൊയ്ത്തുനടത്തുകയും ചെയ്യുന്നത് സംഘർഷാവസ്ഥ സൃഷ്ടിക്കുന്നതിനും വെടിവയ്പ്പു നടത്തുന്നതിനുംവേണ്ടിയല്ലേ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ആ അഭിപ്രായത്തെ ഞാൻ നിഷേധിക്കുന്നു. സംഘർഷാവസ്ഥ ഉണ്ടായതിനുശേഷമാണ് പോലീസ് അവിടെപ്പോയത്.

ശ്രീമതി കെ. ആർ. ഗൗരി: ഈ ദിവസത്തിനുമുൻപ് കുട്ടനാട്ടിൽ പണിമുടക്കോ ലാത്തിച്ചാർജോ ഒന്നുമില്ലാതിരിക്കേ ഈ തീയതി കരാറിനു വിരുദ്ധമായി ആളുകളെ കൊണ്ടുവന്നു പോലീസ് അകമ്പടിയോടു കൂടി കൊയ്യാൻ കാരണമെന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: കുട്ടനാട്ടിൽ കൊയ്ത്തുകാലത്ത് സംഘർഷവും ഏറ്റുമുട്ടലും ഉണ്ടാകുമെന്നു വിവരം കിട്ടിയതുകൊണ്ട് പോലീസ് സംരക്ഷണം കുട്ടനാടൻ പ്രദേശങ്ങളിൽ ഏർപ്പെടുത്തേണ്ടിവന്നു. പാടത്തു കുറേ തൊഴിലാളികളും കൊയ്യാനിറങ്ങിയ സമയത്ത് ഈ തൊഴിലാളികളും വേറെ തൊഴിലാളികളും തമ്മിൽ ഏറ്റുമുട്ടലുണ്ടാകുമെന്നുള്ള നിലവരികയും സായുധരായ ഒരു സംഘം തൊഴിലാളികളും കച്ചിക്ക് തീ വയ്ക്കുകയും ചെയ്തു. ഇങ്ങനെ പല സംഭവങ്ങളുമുണ്ടായി. ഇങ്ങനെയുള്ള സംഭവങ്ങളും നടന്നപ്പോഴും സംഘർഷാവസ്ഥയുണ്ടായി എന്നുള്ളതാണ് പരമാർത്ഥം.

ശ്രീമതി കെ. ആർ. ഗൗരി: നിലമുടമസ്ഥൻമാരുടെ ആവശ്യപ്രകാരം മല്ല, ചില പാർട്ടിക്കാരുടെ പ്രേരണയനുസരിച്ചല്ലേ അവിടെ പോലീസിനെ അയക്കുകയും പോലീസ് വെടിവയ്ക്കുകയും ചെയ്തത്?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഞാൻ അതിനെ നിഷേധിക്കുന്നു.

ശ്രീ. എം. രാമുണ്ണി: തൊഴിൽത്തർക്കത്തിൽ പോലീസ് ഇടപെടുകയില്ലെന്നുള്ളതാണ് ഗവൺമെൻറിൻെറ നയമെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഗവൺമെൻറ് കൊടുത്ത സർക്കുലർതന്നെ പരസ്പരവൈരുദ്ധ്യമായിട്ടാണ് തോന്നുന്നത്. Obstruction danger to life and property എന്ന പദമുപയോഗിച്ചുകൊണ്ട് വളരെയധികം അക്രമപരമായി പെരുമാറുന്നു എന്നു വ്യാഖ്യാനം കൊടുക്കാവുന്നതാണ്. ആ വ്യാഖ്യാനമനുസരിച്ച് എന്തെങ്കിലും നടപടികളെടുക്കാവുന്നതാണ്. അങ്ങനെ വ്യാഖ്യാനിക്കുന്നതിനുള്ള ഡിസ്ക്രീഷനല്ലേ കൊടുത്തിട്ടുള്ളത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനത്തെ വ്യാഖ്യാനമനുസരിച്ച് ഈ സർക്കുലർ അവ്യക്തമാണെന്നുള്ള ബഹുമാനപ്പെട്ട മെമ്പറുടെ നിഗമനത്തോട് യോജിക്കുന്നില്ല. ഈ സർക്കുലർ അവ്യക്തമാണെന്നു തോന്നുന്നില്ല. ഈ. എം. എസ്സിൻെറ കാലത്തു കൊടുത്തതാണ് ഈ സർക്കുലർ.

ശ്രീ. ബി. മാധവൻനായർ: തൊഴിൽസമരങ്ങളിൽ പോലീസ് അനാവശ്യമായി ഇടപെടുകയില്ലെന്നുള്ളതാണ് ഗവൺമെൻറിൻെറ നയമെന്നു പറഞ്ഞു. ഈ എം. എസ്. മുഖ്യമന്ത്രിയായിരുന്ന കാലത്ത് കിളികൊല്ലൂരെ കശുവണ്ടി തൊഴിലാളികളുടെ സമരത്തിൽ അഡ്വക്കേറ്റ് എം. പ്രഭയെ അടിച്ച കേസും, തിരുവനന്തപുരത്ത് പോർട്ടിലെ ഹെഡ്ലോഡ് തൊഴിലാളികളുടെ സമരത്തിൽ നടത്തിയ ലാത്തിച്ചാർജും 107 അനുസരിച്ച് എടുത്തിട്ടുള്ള കേസും, പരിശോധിച്ച് ഈ രണ്ടു സംഭവത്തെക്കുറിച്ചും അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടുപിടിച്ച് ശിക്ഷിക്കാതിരുന്നത് ഈ ഗവൺമെൻറുകിലും അന്വേഷിച്ച് വേണ്ട നടപടികളും സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ആ സംഭവം എന്താണെന്നു അന്വേഷിക്കാതെ ഈ സഭയിൽവച്ച് ഉറപ്പു നൽകുന്നത് ശരിയല്ല.

ശ്രീ. ഈ. ജോൺജേക്കബ്: ഈ. എം. എസ്. മുഖ്യമന്ത്രിയായിരുന്ന കാലത്തും കുട്ടനാട്ടിൽ കൊയ്ത്തു സമയത്ത് പോലീസുകാർ ക്യാമ്പ് ചെയ്തിട്ടുണ്ടെന്നും അങ്ങനെ ക്യാമ്പു ചെയ്യുക മാത്രമല്ല വീയപുരത്ത് എൻെറ നിലത്ത് ലാത്തിച്ചാർജും വെടിവയ്പും ഉണ്ടായിട്ടുണ്ടെന്നുമുള്ള കാര്യവും അറിയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അനുഭവസ്ഥർ പറയുമ്പോൾ അനുഭവമില്ലാത്തവർ പറയുന്നത് റദ്ദായിപ്പോകും.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : കുട്ടനാട്ടിലെ കൊയ്ത്തു കൂലിയെ സംബന്ധിച്ച് കാർഷികത്തൊഴിലാളികളും ഒരു കൃഷിക്കാരനായ കവലക്കൽ മാത്തപ്പനും തമ്മിലുണ്ടായ തീരുമാനത്തെത്തുടർന്ന് ആ കൃഷിക്കാരനെ കർഷകസംഘത്തിൻെറ കൂലിനിർദ്ദേശം സ്വീകരിക്കാതിരുന്നതിൻെറ ഫലമായി ഭീഷണിപ്പെടുത്തുകയും തല്ലാൻ ഓടിക്കുകയും ചെയ്തതായി ആ കൃഷിക്കാരനിൽനിന്ന് പരാതി ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെ പരാതി കിട്ടിയതായി ഇപ്പോൾ കയ്യിലുള്ള ഫയലിൽ കാണുന്നില്ല. അങ്ങനെ പരാതിയുണ്ടെങ്കിൽ തീർച്ചയായും അന്വേഷിക്കാം.

ശ്രീ. ഈ. എം. ജോർജ്: ഏഴര പതം കൂലി കൊടുക്കാമെന്നു സമ്മതിച്ച ചില നിലമുടമസ്ഥൻമാരെ പോലീസ് ഭീഷണിപ്പെടുത്തുകയും

LIBRARY ARCHIVES Kerala Legislative Assembly

ചിലരെയൊക്കെ അറസ്റ്റുചെയ്ത് ലാപ്പിൽകൊണ്ടുപോയി മർദ്ദിക്കുകയും ചെയ്തതായുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതുപോലെതന്നെ ഇതുപോലൊരു സംഭവത്തിൽ മുഖ്യമന്ത്രിയുടെ പാർട്ടിയിൽപ്പെട്ട ദിവാകരൻ എന്നൊരാളെ പോലീസ് മർദ്ദിച്ചതിൽ പ്രതിഷേധിച്ച് അയാൾ പാർട്ടിയിൽനിന്നു രാജി വയ്ക്കുകയും നാട്ടുകാരുടെ മുൻപിൽ തല മൊട്ടയടിച്ച് നടക്കുകയും ചെയ്ത വിവരം അറിയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഒന്നാം നമ്പർ ചോദ്യത്തിന് 'ഇല്ല' എന്നു മറുപടി പറയുകയാണ്. രണ്ടാംനമ്പർ ചോദ്യത്തിന് മറ്റു പാർട്ടികളിൽപ്പെട്ട ആളുകൾ എങ്ങനെയാണ് രാജിവയ്ക്കുന്നത്, എന്തിനാണ് രാജിവയ്ക്കുന്നത് എന്നുള്ളതിനെക്കുറിച്ച് ഞാൻ സാധാരണ അന്വേഷണം നടത്താറില്ല. ചില പാർട്ടികളിൽ ഇതിലും ഭയങ്കരമായ ചോർച്ച നടക്കുന്നുണ്ടെന്നു മാത്രം അറിയാം.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഈ ദിവാകരൻ എന്നു പറഞ്ഞ ആൾ ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട ആളല്ലെന്നും അദ്ദേഹത്തിന് രണ്ടുവർഷമായി കമ്മ്യൂണിസ്റ്റുപാർട്ടിയിൽ മെമ്പർഷിപ്പില്ലാതെയിരിക്കുകയാണെന്നുള്ള വിവരം അവിടത്തെ പാർട്ടി ഘടകം നിഷേധിച്ചിട്ടുള്ളതും അറിയാമോ?

(ഉത്തരമില്ല)

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ജോൺജേക്കബ് ചോദിച്ച വിയപുരം സംഭവത്തെ സംബന്ധിച്ച അന്വേഷണ കമ്മിഷന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ട് മാസങ്ങളോളമായി. ആ റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: റിപ്പോർട്ട് പ്രസിദ്ധീകരിക്കാമോ എന്നു എനിക്ക് ഇപ്പോൾ പറയാൻ കഴിയുകയില്ല. ആ റിപ്പോർട്ട് ഗവൺമെന്റിന്റെ പരിശോധനയിലാണ്. കുറേ സമയം പിടിക്കും.

കർഷകതൊഴിലാളികളുടെ മേലുള്ള മർദ്ദനം

* 131. [463] ശ്രീ. പാലൊളി മുഹമ്മദുകുട്ടി:
,, പി. പി. കൃഷ്ണൻ:
,, പി. കുഞ്ഞൻ:
,, പി. കെ. കുഞ്ഞച്ചൻ:
,, വി. എസ്. അച്യുതാനന്ദൻ:
,, എസ്. ദാമോദരൻ:
,, കെ. ചാത്തുണ്ണി മാസ്റ്റർ:
,, എം. കെ. കൃഷ്ണൻ:
,, പി. ജി. പുരുഷോത്തമൻപിള്ള:
,, സി. വാസുദേവമേനോൻ:
,, എം. കെ. കേളു:
,, കെ. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി ദയവു മറുപടി നൽകുമോ:

(എ) ഈ ഗവർമ്മെന്റു അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഭൂൻമികരം മറ്റു കർഷകത്തൊഴിലാളികളെ മർദ്ദിച്ചും വെടിവച്ചും കൊലപ്പെടുത്തുന്നതു ഗവർമ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly